ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 22.05.2025**

## പ്രധാനവാർത്തകൾ

1. ഓപ്പറേഷൻ സിന്ദൂറിലൂടെ പാകിസ്ഥാന് ഉചിതമായ മറുപടി ഇന്ത്യ നൽകിയതായി പ്രധാനമന്ത്രി നരേന്ദ്ര മോദി.
2. വടകരയും, ചിറയിൻകീഴുമുൾപ്പെടെ നവീകരിച്ച 103 അമൃത് ഭാരത് റെയിൽവേ സ്റ്റേഷനുകൾ പ്രധാനമന്ത്രി നാടിന് സമർപ്പിച്ചു.
3. സംസ്ഥാനത്ത് രണ്ടാം വർഷ ഹയർ സെക്കൻഡറി, വി എച്ച് എസ് സി പരീക്ഷാ ഫലങ്ങൾ പ്രഖ്യാപിച്ചു.
4. മലപ്പുറത്ത് നിർമാണത്തിലുള്ള ദേശീയപാത തകർന്ന സംഭവത്തിൽ, കരാർ കമ്പനിക്ക് വിലക്കേർപ്പെടുത്തി കേന്ദ്ര ഗതാഗത മന്ത്രാലയം.
5. എറണാകുളത്ത് കൊല്ലപ്പെട്ട നാല് വയസ്സുകാരി പീഡനത്തിന് ഇരയായ സംഭവത്തിൽ കുട്ടിയുടെ ബന്ധുവിൻ്റെ അറസ്റ്റ് രേഖപ്പെടുത്തി.
6. സംസ്ഥാനത്ത് വരുംദിവസങ്ങളിൽ വ്യാപക മഴയ്ക്ക് സാധ്യത. കാലവർഷം അടുത്ത മൂന്ന് ദിവസത്തിനുള്ളിൽ കേരളത്തിലെത്തും.

RNUTVPM

***************************

## പ്രധാനമന്ത്രി - രാജസ്ഥാൻ ( ഇൻട്രോ )

ഓപ്പറേഷൻ സിന്ദൂറിലൂടെ ഭീകരരുടെ ഒളിത്താവളങ്ങൾ നശിപ്പിച്ചുകൊണ്ട് പാകിസ്ഥാന് ഇന്ത്യ ഉചിതമായ മറുപടി നൽകിയതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. രാജസ്ഥാനിലെ ബിക്കാനീറിൽ പൊതു പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഓപ്പറേഷൻ സിന്ദൂറിൻറെ വിജയത്തിൽ ഇന്ത്യൻ സായുധ സേനയെ പ്രശംസിച്ച പ്രധാനമന്ത്രി ഭീകര സംഘങ്ങളും, ഭീകരതയെ പിന്തുണയ്ക്കുന്ന ഭരണകൂടങ്ങളും ഇന്ത്യയ്ക്ക് ഒരുപോലെയാണെന്ന് വ്യക്തമാക്കി.

( വോയിസ്....)

ബിക്കാനിറിൽ 26,000 കോടി രൂപയുടെ വികസന പദ്ധതികൾക്കാണ് പ്രധാനമന്ത്രി ഇന്ന് തുടക്കം കുറിച്ചത്. അമൃത് ഭാരത് സ്റ്റേഷൻ പദ്ധതിയുടെ ഭാഗമായി നവീകരിച്ച 103 റെയിൽവേ സ്റ്റേഷനുകളും അദ്ദേഹം രാഷ്ട്രത്തിന് സമർപ്പിച്ചു. കേരളത്തിലെ ചിറയിൻകീഴ്, വടകര റെയിൽവേ സ്റ്റേഷനുകൾക്ക് പുറമേ മാഹി, കുഴിത്തുറൈ സ്റ്റേഷനുകളും ഇതിൽ ഉൾപ്പെടുന്നു. രാജ്യത്തെ റെയിൽവേ ശൃംഖല ആധുനീകരിക്കുന്നതിന് കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും പ്രധാനമന്ത്രി ചടങ്ങിൽ പറഞ്ഞു.

RNU TVPM

***************************

## അമൃത് ഭാരത്

വടകര റെയിൽവേ സ്റ്റേഷനിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ മുഖ്യാതിഥിയായി. നാടിൻറെ വികസനത്തെ രാഷ്ട്രീയത്തിനും പ്രാദേശികതയ്ക്കും അതീതമായി പിന്തുണയ്ക്കണമെന്ന് അദ്ദേഹം പറഞ്ഞു. ചിറയിൻകീഴ് റെയിൽവേ സ്റ്റേഷനിൽ നടന്ന പരിപാടിയിൽ കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി പങ്കെടുത്തു. വന്ദേഭാരത് ട്രെയിനുകൾ ഓടുമ്പോൾ ലോക്കൽ ട്രെയിനുകൾ പിടിച്ചിടേണ്ട സാഹചര്യം ഒഴിവാക്കാൻ പാത ഇരട്ടിപ്പിക്കലാണ് പരിഹാരമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ചിറയിൻകീഴ് റെയിൽവേ സ്റ്റേഷനിൽ 7 കോടി രൂപയുടെയും,

വടകരയിൽ 29 കോടിയുടെയും നവീകരണ പ്രവർത്തനമാണ് അമൃത് ഭാരതിലൂടെ നടപ്പാക്കിയത്.

****************************

<u>വിദേശകാര്യ മന്ത്രാലയം</u>

ഭീകരതയ്ക്കെതിരെ പോരാടാനുള്ള ദൃഢനിശ്ചയം വ്യക്തമാക്കാനാണ് ഇന്ത്യ സർവകക്ഷി പ്രതിനിധി സംഘങ്ങളെ വിദേശ രാജ്യങ്ങളിലേക്ക് അയച്ചതെന്ന് വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ. അതിർത്തി കടന്നുള്ള ഭീകരതയ്ക്ക് ഉത്തരവാദികളായവരെ ലോകത്തിനു മുന്നിൽ തുറന്നു കാട്ടുകയാണ് ലക്ഷ്യമെന്നും അദ്ദേഹം ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഭീകരതയ്ക്കുള്ള പിന്തുണ പാകിസ്ഥാൻ ഉപേക്ഷിക്കുന്നതുവരെ സിന്ധു നദീജല കരാർ നിർത്തി വെച്ചിരിക്കുന്നത് തുടരുമെന്നും അദ്ദേഹം വ്യക്തമാക്കി.

****************************

<u>വി ശിവൻകുട്ടി (ഇൻട്രോ)</u>

സംസ്ഥാനത്ത് രണ്ടാം വർഷ ഹയർ സെക്കൻഡറി, വി എച്ച് എസ് സി പരീക്ഷാ ഫലം പ്രഖ്യാപിച്ചു. ഹയർ സെക്കൻഡറിയിൽ 77.81 ഉം, വൊക്കേഷണൽ ഹയർ സെക്കൻഡറിയിൽ 70.06 ഉം ആണ് വിജയ ശതമാനമെന്ന് ഫലം പ്രഖ്യാപിച്ചു കൊണ്ട് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. മുൻവർഷത്തേക്കാൾ വിജയശതമാനത്തിൽ നേരിയ കുറവുണ്ടായിട്ടുണ്ട്. സ്കൂൾ ഗോയിംഗ് റഗുലർ വിഭാഗത്തിൽ മൂന്ന് ലക്ഷത്തി 70,642 പേർ പ്ലസ് ടു പരീക്ഷ എഴുതിയതിൽ രണ്ട് ലക്ഷത്തി 88,394 പേർ ഉന്നത പഠനത്തിന് യോഗ്യത നേടി.
(ഹോൾഡ് വോയ്സ്..........)

സേ- ഇംപ്രൂവ്മെൻറ് പരീക്ഷകൾ ജൂൺ 23 മുതൽ 27 വരെ നടക്കുമെന്നും മന്ത്രി അറിയിച്ചു. അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി ഈമാസം 27 ആണ്.

PRD TVPM

****************************

## ദേശീയപാത - മലപ്പുറം

മലപ്പുറം കൂരിയാട് നിർമാണത്തിലുള്ള ആറുവരി ദേശീയപാത തകർന്ന സംഭവത്തിൽ നിർമാണ കരാറുകാരായ കെ.എൻ.ആർ കൺസ്ട്രക്ഷൻസ് കമ്പനിക്ക് കേന്ദ്ര ഗതാഗത മന്ത്രാലയം വിലക്കേർപ്പെടുത്തി. വിദഗ്ധ സമിതി ഇന്നലെ സ്ഥലം സന്ദർശിച്ച് പ്രാഥമിക വിവരങ്ങൾ നൽകിയതിന് പിന്നാലെയാണ് നടപടി. ദേശീയപാത നിർമാണത്തിൻറെ കൺസൾട്ടിങ് കമ്പനിയായ ഹൈവേ എഞ്ചിനീയറിങ് കമ്പനിക്കും വിലക്കേർപ്പെടുത്തി. ഇരു കമ്പനികളിലെയും രണ്ട് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്.

****************************

## കണ്ണൂർ - ദേശീയപാത

നിർമ്മാണം പുരോഗമിക്കുന്ന ദേശീയപാത 66 ൽ തളിപ്പറമ്പ് കുപ്പത്തിനടുത്ത് ചെളിയും വെള്ളവും വീടുകളിൽ എത്തിയ സംഭവത്തിൽ ദേശീയപാത അതോറിറ്റി അധികൃതർ പരിശോധന നടത്തി. വെള്ളം വഴിതിരിച്ച് കുപ്പം പുഴയിലേക്ക് വിടാനുള്ള സാധ്യത പരിശോധിക്കുമെന്ന് റസിഡൻ്റ് എൻജിനീയർ മനോജ് കുമാർ പറഞ്ഞു. ജനങ്ങളുടെ ആശങ്ക പരിഹരിക്കുമെന്നും റോഡരികിൽ മണ്ണിടിച്ചിൽ ഉണ്ടെങ്കിലും അപകട ഭീഷണിയില്ലെന്നും അദ്ദേഹം മാധ്യമപ്രവർത്തകരോട് വിശദീകരിച്ചു. വീടുകളിലേക്ക് ചെളിവെള്ളം ഒഴുകിയെത്തി നാശമുണ്ടായവർക്ക് നഷ്ടപരിഹാരം നൽകാൻ ദേശീയപാതാവിഭാഗവും റവന്യൂ അധികാരികളും ചേർന്ന് നടത്തിയ ചർച്ചയിൽ തീരുമാനമായിരുന്നു.

RNU TVPM

****************************

## മുഖ്യമന്ത്രി - കൊല്ലം

ദേശീയ പാതയിൽ വിള്ളൽ വീണ സംഭവത്തിൽ സംസ്ഥാന പൊതുമരാമത്ത് വകുപ്പിന് വീഴ്ച ഇല്ലെന്നും, ദേശീയ പാത

അതോറിറ്റിക്കാണ് ഉത്തരവാദിത്തമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. സ്ഥലം ഏറ്റെടുക്കൽ മാത്രമാണ് സംസ്ഥാന സർക്കാർ ചെയ്യതെന്നും സർക്കാരിൻറെ നാലാം വാർഷികത്തോട് അനുബന്ധിച്ച് കൊല്ലത്ത് നടന്ന പരിപാടിയിൽ അദ്ദേഹം പറഞ്ഞു.

****************************

## .ദേശീയപാത - പ്രതികരണം

ദേശീയപാതാ നിർമാണത്തിൽ, ചിലയിടങ്ങളിൽ ഡിപിആർ മാറ്റിമറിക്കപ്പെട്ടെന്നും ഇത് ആർക്കുവേണ്ടിയാണെന്ന് അന്വേഷിക്കണമെന്നും കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി. - കൂരിയാട് ദേശീയപാത തകർന്ന സംഭവത്തിൽ പ്രതികരിക്കുക യായിരുന്നു അദ്ദേഹം. അതേസമയം വിഷയത്തിൽ കേന്ദ്രമന്ത്രി നിതിൻ ഗഡ്കരിയുമായി ചർച്ച നടത്തിയതായി ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ പറഞ്ഞു. രണ്ടാഴ്ചക്കുള്ളിൽ ശാശ്വത പരിഹാരം ഉണ്ടാക്കുമെന്ന് കേന്ദ്രമന്ത്രി അറിയിച്ചതായും അദ്ദേഹം വ്യക്തമാക്കി. ദേശീയപാതയിലെ തകർച്ചയിൽ സമഗ്ര അന്വേഷണം വേണമെന്ന് കോൺഗ്രസ് സംസ്ഥാന നേതൃത്വം ആവശ്യപ്പെട്ടു.

RNU TVPM

****************************

## വാർഷികാഘോഷം

സംസ്ഥാന സർക്കാരിൻറെ വാർഷികാഘോഷത്തിൻറെ സമാപന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ വൈകുന്നേരം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. സർക്കാരിൻറെ കഴിഞ്ഞ നാല് വർഷത്തെ പ്രോഗ്രസ് റിപ്പോർട്ടിൻറെ പ്രകാശനവും മുഖ്യമന്ത്രി നിർവഹിക്കും. പുത്തരിക്കണ്ടം മൈതാനത്ത് നടക്കുന്ന ചടങ്ങിൽ മന്ത്രി കെ രാജൻ അധ്യക്ഷത വഹിക്കും. ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ രാവിലെ 10.30 ന്

നടക്കുന്ന തിരുവനന്തപുരം ജില്ലാതല യോഗത്തിലും മുഖ്യമന്ത്രി പങ്കെടുക്കും.

****************************

## എറണാകുളം കുഞ്ഞിന്റെ കൊലപാതകം

എറണാകുളം മൂഴിക്കുളത്തിന് സമീപം അമ്മ പുഴയിൽ എറിഞ്ഞ് കൊലപ്പെടുത്തിയ നാല് വയസ്സുകാരി പീഡനത്തിന് ഇരയായ സംഭവത്തിൽ കുട്ടിയുടെ പിതൃ സഹോദരനെ പോലീസ് അറസ്റ്റ് ചെയ്തു. ഇയാളെ മജിസ്ട്രേറ്റിനു മുന്നിൽ ഹാജരാക്കും. കുട്ടിയുടെ പോസ്റ്റ്മോർട്ടം റിപ്പോർട്ടിലാണ് പീഡനം സംബന്ധിച്ച കണ്ടെത്തലുണ്ടായത്.

****************************

## വന്ദേഭാരത്

ആലപ്പുഴ വഴി സർവീസ് നടത്തുന്ന തിരുവനന്തപുരം – മംഗളൂരു വന്ദേഭാരത് ട്രെയിനിലെ കോച്ചുകളുടെ എണ്ണം ഇരട്ടിയാക്കി. 16 കോച്ചുകളുള്ള വന്ദേഭാരത് ഇന്ന് വൈകുന്നേരം മുതൽ തിരുവനന്തപുരത്ത് നിന്ന് സർവീസ് ആരംഭിച്ചു. നേരത്തെ എട്ടു കോച്ചുകൾ മാത്രമാണ് ഉണ്ടായിരുന്നത്. ഇതോടെ ഏകദേശം 700 സീറ്റുകളാണ് വർധിച്ചത്.

RNU TVPM

****************************

## മഞ്ഞുമ്മൽ ബോയ്സ് - ഹൈക്കോടതി

മഞ്ഞുമ്മൽ ബോയ്സ് സിനിമയുടെ ലാഭവിഹിത തർക്കവുമായി ബന്ധപ്പെട്ട കേസ് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് നിർമാതാക്കൾ സമർപ്പിച്ച ഹർജി ഹൈക്കോടതി തള്ളി. കേസിൽ പോലീസ് അന്വേഷണം തുടരാം എന്നും ഹൈക്കോടതി വ്യക്തമാക്കി.

****************************

## കാലാവസ്ഥ

സംസ്ഥാനത്ത് മൺസൂൺ അടുത്ത മൂന്ന് ദിവസത്തിനുള്ളിലെത്തുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്നും, തിരുവനന്തപുരം, കൊല്ലം ഒഴികെ 12 ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രതയാണ്. വടക്കൻ കേരളത്തിലെ വിവിധ ജില്ലകളിൽ മറ്റന്നാൾ മുതൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. അറബിക്കടലിലെയും, ബംഗാൾ ഉൾക്കടലിലെയും ന്യൂനമർദ്ദത്തിൻറെ സ്വാധീനത്താൽ സംസ്ഥാനത്ത് വരും ദിവസങ്ങൾ വ്യാപക മഴ തുടരും. കേരള- കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 26 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. കള്ളക്കടൽ പ്രതിഭാസത്തിൻറെ ഭാഗമായി കേരളതീരത്ത് നാളെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ട്.

***************************

## ഓഹരി + സ്വർണ്ണ വില

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 645 പോയിൻറ് നഷ്ടത്തിൽ 80,952 -ലും, നിഫ്റ്റി 204 പോയിൻറ് ഇടിഞ്ഞ് 24,610 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണ വില കൂടി. ഗ്രാമിന് 45 രൂപാ കൂടി 8,975 ഉം , പവന് 71,800 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

***************************

## പൊതുമാപ്പ്

മലേഷ്യൻ ഭരണകൂടം ഈ വർഷത്തെ പൊതുമാപ്പ് പ്രഖ്യാപിച്ചു. സാധുവായ പാസ്പോർട്ടോ വിസയോ ഇല്ലാതെ അനധികൃതമായി താമസിച്ചു വരുന്ന വിദേശികൾക്ക് അതത് രാജ്യങ്ങളിലേക്ക് മടങ്ങാനുള്ള അവസരം നൽകുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.വിസാ തട്ടിപ്പുമൂലം മലേഷ്യയിൽ കുടുങ്ങി കിടക്കുന്നവർക്ക് പൊതുമാപ്പ് ആശ്വാസകരമാകും.

***************************

## പ്രധാനമന്ത്രി -മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 25 ന്. പരിപാടിയുടെ 122 ആം പതിപ്പാണിത്. പരിപാടിയെ കുറിച്ചുള്ള ജനങ്ങളുടെ അഭിപ്രായങ്ങളും ആശയങ്ങളും നരേന്ദ്ര മോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും അറിയിക്കാനുള്ള സമയപരിധി നാളെ അവസാനിക്കും.

***************************************************************************************************

****************************

RNU TVPM